<u>**15 -ാം കേരള നിയമസഭ**</u>

<u>**12 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154**</u> <u>**07-10-2024 - ൽ മറുപടിയ്ക്ക്**</u>

<u>**സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം ജയിൽ, ഫയർഫോഴ്സ് വകുപ്പുകൾക്ക് ലഭ്യമാണോ; | (എ) | നിലവിൽ ലഭ്യമല്ല. |
| (ബി) | പ്രസ്തുത ക്യാന്റീൻ സംവിധാനത്തിൽ കേരള പോലീസിനെ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; ഏത് ഉദ്യോഗസ്ഥനാണ് കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | സെൻട്രൽ പോലീസ് ക്യാന്റീനു(കേന്ദ്രീയ പോലീസ് കല്യാൺ ഭണ്ഡാർ)കൾക്ക് 01.04.2024 മുതൽ 50 ശതമാനം ജി.എസ്.ടി ഇളവ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഇളവ് സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകൾക്കും ബാധകമാക്കിയിരുന്നു. സെൻട്രൽ പോലീസ് ക്യാന്റീനുകൾ ഏതൊക്കെ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് നിർദേശിച്ച കൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകിയിട്ടുള്ള പട്ടികയിൽ ജയിൽ, ഫയർഫോഴ്സ് എന്നീ വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത വിഭാഗങ്ങൾക്ക് മേൽ സൗകര്യങ്ങൾ അനുവദിക്കാമോ എന്ന കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ പോലീസ് ഡിവിഷൻ-II, റീഹാബിലിറ്റേഷൻ & വെൽഫെയർ വിഭാഗം ഡയറക്ടർക്ക് സർക്കാർ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ റുപടി ലഭിച്ചിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ ജയിൽ, ഫയർഫോഴ്സ് വകുപ്പുകളെ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | (ബി) പിരിവിൽ കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ